## പതിനാലാം കേരള നിയമസഭ
## ഒമ്പതാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1853 | | 01.02.2018-ൽ മറുപടിയ്ക്ക് | |
|---|---|---|---|
| പ്ലാസ്റ്റിക് മാലിന്യങ്ങൾ ശേഖരിക്കുവാൻ ഏജൻസികൾ | | | |
| ചോദ്യം | | ഉത്തരം | |
| ശ്രീ.മുഹമ്മദ് മുഹസിൻ പി. | | പിണറായി വിജയൻ<br>കേരള മുഖ്യമന്ത്രി | |
| (എ) | വീടുകൾ, കച്ചവടസ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നുമുള്ള പ്ലാസ്റ്റിക് മാലിന്യങ്ങൾ സമയബന്ധിതമായി ശേഖരിക്കുവാൻ ഏജൻസികൾ ഇല്ലാത്തത് മാലിന്യമുക്ത കേരളമെന്ന പദ്ധതിയ്ക്ക് തടസ്സമാവുമെന്നുള്ള വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | വീടുകൾ, കച്ചവടസ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നുമുള്ള പ്ലാസ്റ്റിക് മാലിന്യങ്ങൾ സമയബന്ധിതമായി പൂർണ്ണമായും ശേഖരിക്കുന്നതിന് പരിമിതികൾ ഉണ്ടെങ്കിലും അത് മറികടക്കാനുള്ള പദ്ധതികളാണ് സർക്കാർ ആസൂത്രണം ചെയ്യുന്നത്. |
| (ബി) | ഇത്തരം ഏജൻസികൾ അഥവാ ഉണ്ടെങ്കിൽ പ്ലാസ്റ്റിക് മാലിന്യങ്ങൾ പ്രസ്തുത ഏജൻസികൾക്ക് കൈമാറുന്ന രീതിയിലേക്ക് ജനങ്ങളെ ബോധവൽകരിക്കുവാനുമുള്ള നടപടികൾ സ്വീകരിക്കുമോ; | (ബി) | അജൈവമാലിന്യ പരിഹാരത്തിന് മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി (എം.സി.എഫ്), റിസോഴ്സ് റിക്കവറി ഫെസിലിറ്റി (ആർ.ആർ.എഫ്) എന്നീ പശ്ചാത്തല സൗകര്യങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഒരുക്കുകയും, ഹരിത കർമ്മസേന മുഖേന അജൈവ മാലിന്യം ശേഖരിക്കുന്നതിനുള്ള നടപടികളുമാണ് ചിട്ടപ്പെടുത്തി വരുന്നത്. ആർ.ആർ.എഫിലെത്തുന്ന പ്ലാസ്റ്റിക്ക് മാലിന്യം ക്ലീൻ കേരള കമ്പനിയുടെ ഉത്തരവാദിത്വത്തിൽ പുനഃചംക്രമണത്തിനായുള്ള സ്ഥാപനങ്ങൾക്ക് കൈമാറും. ഹരിതകർമ്മസേനയുടെ ഉത്തരവാദിത്വത്തിൽ ഇക്കാര്യത്തിലുള്ള ബോധവൽക്കരണം നേരിട്ട് നടത്തുന്നതിനുള്ള നടപടികളും ഉണ്ടാകും. കൂടാതെ വിവിധ മാധ്യമങ്ങളിലൂടെ ശുചിത്വ മിഷന്റെ ഉത്തരവാദിത്വത്തിലും സുരക്ഷിത പ്ലാസ്റ്റിക് മാലിന്യ പരിപാലനത്തിനുള്ള ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തി വരുന്നുണ്ട്. |
| (സി) | സർക്കാർ സഹായത്തോടെ ഇത്തരം ഏജൻസികൾ കൂടുതലായി തുടങ്ങുവാനുള്ള നടപടികൾ സ്വീകരിക്കുമോ? | (സി) | ക്ലീൻ കേരള കമ്പനിയല്ലാതെ കൂടുതൽ ഏജൻസികൾ തുടങ്ങുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ